ഗവ എഞ്ചിനീയറിംഗ് കോളേജ് തൃശ്ശൂർ File No.: GECTCR/34/2025-D3

20-01-2025

ക്വട്ടേഷൻ നോട്ടീസ്

തൃശ്ശൂർ ഗവ:എഞ്ചിനീയറിംഗ് കോളേജിൽ രണ്ട് വർഷത്തേക്ക് കാൻറീൻ നടത്തുന്നതിന് താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾക്കനുസരിച്ച് മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷൻറെ പുറത്തു **ക്വട്ടേഷൻ നമ്പർ** D3/59/24-25 എന്ന് എഴുതേണ്ടതാണ്/.പ്രസ്തുത ക്വട്ടേഷൻ **11/02/2025 2pm മണിക്ക്** മുൻപായി പ്രിൻസിപ്പാളിന് ലഭിക്കേണ്ടതാണ് .ക്വട്ടേഷനുകൾ 12.02.2025 12 pm **മണിക്ക്**ബന്ധപ്പെട്ട കോൺട്രാക്ടർമാരുടെയോ അവരുടെ പ്രതിനിധികളുടെയോ .സാന്നിദ്ധ്യത്തിൽതുറന്നുപരിശോധിക്കുന്നതാണ് .

1. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി 5,000/- രൂപയുടെ ഡി ഡി പ്രിൻസിപ്പാളിൻറെ പേരിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.
2. കാൻറീൻ കരാറിൻറെ ആദ്യത്തെ മൂന്ന് മാസത്തിൽ രണ്ട് മാസം നിരീക്ഷണ കാലവും അതിനുശേഷം പരാതികൾ ഉണ്ടെങ്കിൽ അത് പരിശോധിച്ച് പരിഹരിക്കുന്നതിന് ഒരു മാസം കൂടി സമയം നൽകുന്നതുമായിരിക്കും. വീണ്ടും പരാതി ഉണ്ടെങ്കിൽ നോട്ടീസ് നൽകാതെ തന്നെ കരാർ റദ്ദാക്കുന്നതായിരിക്കും
3. കോൺട്രാക്ടർ ചുരുങ്ങിയത് 2 വർഷം കാൻറീൻ /ഹോട്ടൽ നടത്തുന്നവരും അല്ലെങ്കിൽ നടത്തി പരിചയം ഉള്ളവരുമായിരിക്കണം.
4. ക്വട്ടേഷനോടൊപ്പം ഒറിജിനൽ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഹോട്ടൽ നടത്തുന്നവർ പഞ്ചായത്ത് / മുനിസിപ്പൽ സെക്രട്ടറിമാർ / സ്ഥാപനമേധാവി വിതരണം ചെയ്ത ലൈസൻസ്/ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
5. കോൺട്രാക്ടർ ക്വട്ടേഷനോടൊപ്പം ഹാജരാക്കിയ സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് കണ്ടെത്തിയാൽ ഒരു അറിയിപ്പും കൂടാതെ കരാർ റദ്ദാക്കുന്നതായിരിക്കും.
6. കരാർ ലഭിക്കുന്ന വ്യക്തി 220 രൂപയുടെ കേരള സ്റ്റാമ്പ് പേപ്പറിൽ പ്രിൻസിപ്പാൾക്ക്

ഉടമ്പടി നൽകേണ്ടതും 40, 000/- രൂപയുടെ ഡി ഡി നിക്ഷേപ തുക ആയി നല്കേണ്ടതാണ്.

7. കരാറുകാരൻ കാലാവധിക്കുള്ളിൽ കാൻറീൻ നിർത്തിപ്പോകുന്ന പക്ഷം നിക്ഷേപ തുക സർക്കാരിലേക്ക് കണ്ടുകെട്ടുന്നതാണ്.
8. ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു കാരണവശാലും കാൻറീനിൽ അനുവദനീയമല്ല
9. വൈദ്യുതി ഉപയോഗിക്കുന്നതിന് വൈദ്യുതിയുടെ അതാത് കാലത്തെ താരിഫ് അനുസരിച്ച് എല്ലാ മാസവും അടക്കുവാൻ കോൺട്രാക്ടർ ബാധ്യസ്ഥനാണ്. ആയത് എല്ലാ മാസവും 10-)o തീയതി.ക്കുള്ളിൽ ഈ ഓഫീസിൽ അടക്കേണ്ടതാണ്.
10. കാൻറീൻ ജീവനക്കാർ വിദ്യാർഥികളോടും ജീവനക്കാരോടും മാന്യമായ രീതിയിൽ പെരുമാറേണ്ടതും നല്ല രുചിയോടും വൃത്തിയോടും കൂടി ഭക്ഷണം വിതരണം ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം കാൻറീൻ കരാർ റദ്ദാക്കുന്നതായിരിക്കും.
11. കാൻറീനിൽ തന്നെ പാചകം ചെയ്ത ഭക്ഷണപദാർഥങ്ങൾ മാത്രമേ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. പുറമെ നിന്നു ഭക്ഷണപദാർഥങ്ങൾ വാങ്ങി വിതരണം ചെയ്യാൻ പാടുള്ളതല്ല.
12. **ചുരുങ്ങിയ വിലയുടെ അടിസ്ഥാനത്തിലല്ല കരാർ ഉറപ്പിക്കുന്നത്** . കാൻറീനിൻറെ വാടകയിനത്തിൽ **6000/- രൂപ** യിൽ കൂടുതൽ തുക നല്കാൻ തയ്യാറാകുന്നവർക്ക് കാൻറീനിൻറെ കരാർ നൽകുന്നതാണ്. കരാർ ഉറപ്പിക്കുന്നതിനും റദ്ദാക്കുന്നതിനും പ്രിൻസിപ്പാളിന് പൂർണ്ണ അധികാരമുണ്ട് .
13. കാൻറീൻ കമ്മിറ്റിയുടെ നിർദേശങ്ങൾ അനുസരിച്ച് മാത്രമേ കാൻറീൻ പ്രവർത്തിക്കാൻ അനുവദിക്കുകയുള്ളൂ .
14. ഭക്ഷണ സാധനങ്ങളുടെ നിശ്ചയിച്ചിട്ടുള്ള വിലയിൽ നിന്ന് കരാർ കഴിയുന്നതു വരെ യാതൊരു കാരണവശാലും വില വർധിപ്പിക്കാൻ കരാറുക്കാരന് അധികാരമില്ല.
15. കരാറിൽ പറഞ്ഞ ഭക്ഷണപദാർഥങ്ങൾക്കു പുറമെ മറ്റ് ഭക്ഷണപദാർഥങ്ങൾ വിതരണം ചെയ്യണമെങ്കിൽ പ്രിൻസിപ്പാളിൻറെ അനുവാദം വാങ്ങേണ്ടതാണ്.
16. കാൻറീൻ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാണ്.
17. മുനിസിപ്പൽ സർട്ടിഫിക്കറ്റ്,ഫുഡ് സേഫ്റ്റി സർട്ടിഫിക്കറ്റ്,മറ്റ് ആവശ്യമായ സർട്ടിഫിക്കറ്റുകൾ എന്നിവ കരാറുകാരൻ തന്നെ സംഘടിപ്പിക്കേണ്ടതാണ്.
18. ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്നതും കാൻറീൻ കമ്മിറ്റി നിശ്ചയിച്ചതുമായ ഭക്ഷണപദാർഥങ്ങളുടെ ലിസ്റ്റ് ഓരോ ദിവസവും കാലത്ത് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഓരോ ദിവസത്തെയും കൃത്യമായ Menu നേരത്തെ പ്രദർശിപ്പിക്കേണ്ടതാണ്.
19. കാൻറീൻ പ്രവർത്തന സമയം രാവിലെ 7 മണി മുതൽ രാത്രി 7 മണി വരെ

ആയിരിക്കും.

20. സർക്കാർ അവധി ദിവസങ്ങളിൽ കാൻറീൻ മുടക്കമായിരിക്കും.എന്നാൽ പ്രത്യേക സാഹചര്യത്തിൽ പ്രിൻസിപ്പാളിൻറെ അനുവാദത്തോട്ടു കൂടി അത്തരം ദിവസങ്ങളിൽ കാൻറീൻ പ്രവർത്തിക്കാവുന്നതാണ്.

21. ബില്ലിംഗ് മെഷീൻ ഉപയോഗിച്ച് മാത്രം കച്ചവടം നടത്തേണ്ടതാണ്.

22. ക്വട്ടേഷനിൽ പറഞ്ഞിരിക്കുന്നതും കാൻറീൻ കമ്മിറ്റി നിശ്ചയിച്ചതുമായ ഭക്ഷണപദാർഥങ്ങളുടെ ലിസ്റ്റിൽ പെടാത്ത വിഭവങ്ങൾ ഒരു കാരണവശാലും വിതരണം ചെയ്യാൻ പാടുള്ളതല്ല

23. കാൻറീനിൻറെ കറണ്ട് ബില്ലും വെള്ളത്തിൻറെ ബില്ലും കരാറുക്കാരൻ തന്നെ അടയ്ക്കേണ്ടാതാണ് .കൂടാതെ മെയിൻറ്റെനൻസ് ഫീ ആയി എല്ലാ മാസവും **5000/-** PTA ഓഫീസിൽ അടയ്ക്കേണ്ടാതാണ്.

24. കാൻറീനിൻറെ വാടകയായി **നിശ്ചയിക്കുന്ന തുകയും** മെയിൻറ്റെനൻസ് തുകയും എല്ലാ മാസവും 5-)ാ തീയതിക്കുള്ളിൽ ഓഫീസിൽ അടക്കേണ്ടതാണ്.

25. മുകളിൽ പറഞ്ഞ കാര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നുവെങ്കിൽ ഒരു അറിയിപ്പും കൂടാതെ കരാർ റദ്ദാക്കുന്നതും നിക്ഷേപ തുക. സർക്കാരിലേക്ക് കണ്ടുകെട്ടുന്നതുമാണ് .

26. മേൽ പറഞ്ഞ നിബന്ധനകളെല്ലാം പാലിച്ചുകൊണ്ട് കാൻറീനിൻറെ വാടകയിനത്തിൽ **6000/- രൂപ** യിൽ കൂടുതൽ തുക നല്കാൻ തയ്യാറാകുന്നവർക്ക് കാൻറീനിൻറെ കരാർ നൽകുന്നതാണ്. (തുക കൃത്യമായി സമർപ്പിക്കുന്ന ക്വട്ടേഷനിൽ രേഖപെടുത്തേണ്ടാതാണ്.

27. ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണ നിലവാരം , വിതരണം എന്നിവ സംബന്ധിച്ച പരാതികളുടെ പൂർണ്ണഉത്തരവാദിത്വം കരാറുകാരന് മാത്രമായിരിക്കും.

28. PTA വർഷത്തിൽ ഒരിക്കൽ മാത്രമേ കാൻറീൻപരിപാലനം നടത്തുകയുള്ളൂ.ബാക്കി എല്ലാ പരിപലനങ്ങളും കോണ്ട്രാക്ടർ നേരിട്ട് നടത്തേണ്ടതാണ്.

29. കരാറു സമയത്ത് ഫർണിച്ചറുകളുടെയും മറ്റു സാമഗ്രികളുടെയും പൂർണ്ണ ഉത്തരവാദിത്തം കരാറുകാരന് മാത്രമായിരിക്കും.

30. .കാൻറീനിൻറെ waste ഡിസ്പോസൽ കരാറുക്കാരനിൽ തന്നെ നിഷിപ്തമാണ് അവിടെയുള്ള മാലിന്യങ്ങൾ കോളേജ് ക്യാമ്പസിൽ ഒരു കാരണവശാലും നിഷേപ്പിക്കാൻ പാടുള്ളതല്ല

Signed by
Meenakshy K
Date: 20-01-2025 13:43:22